LIBRARY ARCHIVES Kerala Legislative Assembly

വിൽപ്പന നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക

25 [200] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് കുടിശ്ശിക ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ട്;

(ബി) സംസ്ഥാനത്ത് അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള എത്ര കേസുകളാണ് തീർപ്പാക്കാനുള്ളത്;

(സി) സെയിൽസ് ടാക്സ് ഇനത്തിൽ ഒരു ലക്ഷം രൂപയ്ക്കു മുകളിലുള്ള എത്ര കേസുകളാണ് ജപ്തി നടപടികൾക്ക് സർക്കാർ സ്റ്റേ നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിൽപ്പന നികുതിയിനത്തിൽ 2004-05 സാമ്പത്തിക വർഷത്തിൽ എന്തു തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട്; ഇനി എന്തു തുക പിരിഞ്ഞു കിട്ടും എന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) വിൽപ്പന നികുതിയിനത്തിൽ 2004 ഡിസംബർ മാസം വരെ 2702.31 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിൽപ്പന നികുതിയിനത്തിൽ 2004-05 സാമ്പത്തിക വർഷത്തിൽ 2004 ഡിസംബർ വരെ 4405.46 കോടി രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ഇനി 2717.54 കോടി രൂപ പിരിഞ്ഞു കിട്ടും എന്നാണ് പ്രതീക്ഷിക്കുന്നത്.

തേയില വിൽപ്പനയിൽ ലഭിച്ച നികുതി

26 [201] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തേയില മൊത്ത വിതരണക്കാരാണുള്ളതെന്നും കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തിലോരോന്നിലും തേയിലയുടെ മൊത്ത വിൽപ്പന നികുതിയിനത്തിൽ അവരിൽ നിന്നും എന്തു തുക ലഭിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) ലിപ്റ്റൺ, ബ്രൂക്ക് ബോണ്ട്, കണ്ണൻ ദേവൻ, എ.വി.റ്റി. എന്നീ തേയില ബ്രാന്റുകളുടെ വിൽപ്പനയിലൂടെ സർക്കാരിന് കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷ കാലത്ത് ഓരോന്നിലും എന്തു തുക വീതം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?